LIBRARY ARCHIVES Kerala Legislative Assembly

ജലനിധി പദ്ധതിയിലുൾപ്പെട്ട മഞ്ചേരി മണ്ഡലത്തിലെ പഞ്ചായത്തുകൾ

122 [1061] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര പഞ്ചായത്തുകൾ ജലനിധി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ മഞ്ചേരി മണ്ഡലത്തിലെ പഞ്ചായത്തുകൾ ഏതെല്ലാമാണ്;

(സി) പ്രസ്തുത മണ്ഡലത്തിൽനിന്ന് ഈ പദ്ധതിയിൽ പുതിയതായി ഏതെങ്കിലും പഞ്ചായത്തുകളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 33 പഞ്ചായത്തുകൾ.

(ബി) കുഴിമണ്ണ, പുൽപ്പറ്റ, കീഴുപറമ്പ്.

(സി) ഇല്ല.

(ഡി) ജലനിധിപദ്ധതി 2001-2006 കാലയളവിൽ അഞ്ച് ബാച്ചുകളിലായാണ് നടപ്പിലാക്കുന്നത്. ആയതിലേക്കുള്ള എല്ലാ പഞ്ചായത്തുകളുടെയും തെരഞ്ഞെടുപ്പ് പൂർത്തിയായിക്കഴിഞ്ഞു.

ചെക്ക് ഡാമുകൾ

123 [1062] *ശ്രീ. പെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കുടിവെള്ളക്ഷാമമടക്കമുള്ള ജലക്ഷാമം പരിഹരിക്കുന്നതിന് വ്യാപകമായി ചെക്ക് ഡാമുകൾ നിർമ്മിക്കാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ ഈ സർക്കാരിന്റെ തീരുമാനമെന്താണ്;

(ബി) ചെക്ക് ഡാമുകൾ ആവശ്യമുള്ളിടത്ത് അവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു. അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുവാനുള്ള അനുമതി ചെക്ക് ഡാം കമ്മിറ്റികൾ (വർക്കിംഗ് ഗ്രൂപ്പ്) നൽകിവരുന്നു. മുൻ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിരുന്ന ഈ കമ്മിറ്റി ഈ സർക്കാരിന്റെ കാലത്തും തുടർന്നുവരുന്നു.

(ബി) ചെക്ക് ഡാമുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ അവ നിർമ്മിക്കാനുള്ള ഭരണാനുമതിയും പദ്ധതി നടത്തിപ്പിലേക്കായുള്ള ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് അവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.